**പതിമൂന്നാം കേരള നിയമസഭ**
**എട്ടാം സമ്മേളനം.**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.272 — 3/4/2013 - ൽ മറുപടിയ്ക്ക്

## കേന്ദ്രസർക്കാർ നാളീകേരത്തിന് പ്രഖ്യാപിച്ച താങ്ങുവില

| ചോദ്യം | | ഉത്തരം |
| --- | --- | --- |
| ശ്രീ. റ്റി. വി. രാജേഷ്<br>,, എളമരം കരീം<br>,, കെ. വി. വിജയദാസ്<br>,, കെ. കുഞ്ഞിരാമൻ<br>(തൃക്കരിപ്പൂർ) | | **ശ്രീ. കെ.പി. മോഹനൻ**<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) ഉൽപ്പാദനചെലവിലെ വർദ്ധനവും രാജ്യത്തെ പണപ്പെരുപ്പവും കണക്കി ലെടുക്കുമ്പോൾ കേന്ദ്രസർക്കാർ നാളികേരത്തിന് പ്രഖ്യാപിച്ച താങ്ങു വില എത്രത്തോളംപര്യാപ്തമാണ് ;<br><br>(ബി) താങ്ങുവില പുനഃപരിശോധിക്കണ മെന്ന് സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടി ട്ടുണ്ടോ ; എങ്കിൽ ഇതു സംബന്ധിച്ച പ്രതികരണം എന്തായിരുന്നു; വിശ ദാംശം ലഭ്യമാക്കാമോ ; | (എ) & (ബി) | 2013 സീസണിലേക്ക് കേന്ദ്രസർക്കാർ നാളീകേരത്തിന് പ്രഖ്യാപിച്ചിട്ടുള്ള താങ്ങുവില മില്ലിംഗ് കൊപ്രയ്ക്ക് ക്വിന്റലിന് 5250 രൂപയും ഉണ്ട കൊപ്രയ്ക്ക് ക്വിന്റലിന് 5500 രൂപയുമാണ്. ഉല്പാദനചെലവിലെ വർദ്ധനവും രാജ്യത്തെ പണപ്പെരുപ്പവും കണക്കിലെടുക്കുമ്പോൾ കേന്ദ്രസർക്കാർ പ്രഖ്യാപിച്ച താങ്ങുവില അപര്യാപ്തമാണ്.<br><br>താങ്ങുവില പുന:പരിശോധിക്കണമെന്ന് സംസ്ഥാനസർക്കാർ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.<br><br>താങ്ങുവില പുന:പരിശോധിച്ച് മില്ലിംഗ് കൊപ്രയ്ക്ക് ക്വിന്റലിന് 6300 രൂപയായും ഉണ്ടകൊപ്രയ്ക്ക് 6915 രൂപയായും ഉയർത്തണമെന്ന് സംസ്ഥാനസർക്കാർ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | നാഫെഡിന് ഉണ്ടാകുന്ന നഷ്ടത്തിന്റെ 15% വരെ മാത്രമേ സഹായമായി നൽകുകയുള്ളുവെന്ന കേന്ദ്ര സർക്കാരിന്റെ തീരുമാനം മൂലം നാഫെഡ് സംഭരണത്തിൽ നിന്നും പിൻവാങ്ങാൻ തീരുമാനിച്ചിട്ടുണ്ടോ ; | (സി) | താങ്ങുവില സംഭരണം കൊണ്ടുണ്ടാകുന്ന നഷ്ടം ഇപ്പോൾ പരമാവധി 15% മാത്രമേ കേന്ദ്രസർക്കാർ നികത്തുകയുള്ളൂ എന്ന ഉപാധി സ്വീകാര്യമല്ലാത്തതിനാൽ താങ്ങുവില സംഭരണം നാഫെഡ് ഇപ്പോൾ നിർത്തിവച്ചിരിക്കുകയാണ്. സംഭരണം പുനരാരംഭിക്കുവാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | എങ്കിൽ ഈ വിഷയത്തിൽ എന്ത് ഇടപെടലാണ് സർക്കാർ നടത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ ? | (ഡി) | താങ്ങുവില സംഭരണം മൂലം നാഫെഡിനുണ്ടാകുന്ന നഷ്ടം 100% നികത്തി കിട്ടണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൊപ്രസംഭരണം നാഫെഡ് നിർത്തി വച്ചിരിക്കുന്ന സാഹചര്യത്തിൽ കൃഷി ഭവനിലൂടെയുള്ള പച്ചനാളികേരസംഭരണ പദ്ധതി കൂടുതൽ ഊർജ്ജിതമാക്കി നടപ്പിലാക്കി വരുന്നു. കേരകർഷകരെ സഹായിക്കുന്നതിനായി കൃഷി ഭവനുകൾ വഴി കർഷകരിൽ നിന്നും പച്ച നാളികേരം നേരിട്ട് സംഭരിക്കുന്ന ടി പദ്ധതി 2013 ജനുവരി മാസം ഒന്നാം തീയതി തുടക്കം കുറിച്ചിട്ടുണ്ട്. സംസ്ഥാനത്തെ എട്ടു ജില്ലകളിലെ തെരഞ്ഞെടുത്ത കൃഷിഭവനുകളിൽ രജിസ്റ്റർ ചെയ്ത കർഷകരിൽ നിന്നും കേരഫെഡ് മുഖേന പച്ചത്തേങ്ങ സംഭരിക്കുന്നതിനും സംഭരിക്കുന്ന പച്ചത്തേങ്ങ കൊപ്രയാക്കുന്നതിനും മറ്റ് ഉപോൽപ്പന്നങ്ങൾ സംഭരിക്കുന്നതിനുമുള്ള നടപടികളാണ് ആവിഷ്കരിച്ചിരിക്കുന്നത്. |

കിലോയ്ക്ക് 16 രൂപ നിരക്കിലാണ് പച്ചത്തേങ്ങ സംഭരിക്കുന്നത്. ഇതിനകം 235 കൃഷി ഭവനിലെ 10386 കർഷകരിൽ നിന്നും 5666.57 ടൺ പച്ചത്തേങ്ങ സംഭരിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**